LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.ബസ്സുകളിൽ സീസൺ ടിക്കറ്റ്

140 (5360) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ; എവിടെയാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സമ്പ്രദായം സംസ്ഥാനത്ത് മുഴുവനായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെ. എസ്. ആർ. ടി. സി. 6-3-2010 മുതൽ സീസൺ ടിക്കറ്റ് സമ്പ്രദായം കാസർഗോഡ്- മംഗലാപുരം റൂട്ടിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അടുത്ത ഘട്ടമെന്ന നിലയിൽ എറണാകുളം ജെട്ടി- ഗുരുവായൂർ, തൃശ്ശൂർ- പാലക്കാട്, പാലക്കാട്- കോഴിക്കോട് എന്നീ റൂട്ടുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് കേരളത്തിലെ ഇതര റൂട്ടുകളിലും സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ധനകാര്യ മാനേജ്മെന്റിലെ പോരായ്മകൾ

141 (5361) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ ധനകാര്യമാനേജ്മെന്റിലെ പോരായ്മകൾ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പോരായ്മകളാണ് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ;

(സി) ധനകാര്യ മാനേജ്മെന്റിലെ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ഇന്റേണൽ ആഡിറ്റ് സംവിധാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ബി) കാലാകാലങ്ങളിൽ പഴയ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ വാങ്ങാനുള്ള മൂലധനം പ്രവർത്തനമിച്ചത്തിലൂടെ കണ്ടെത്താൻ കഴിയാതിരുന്നത് ധനകാര്യ മാനേജ്മെന്റിന്റെ ഒരു പോരായ്മയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) ധനകാര്യ മാനേജ്മെന്റിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി മാനേജ്മെന്റ് വൈദഗ്ദ്ധ്യമുള്ള ആളുകളെ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാർട്ടേർഡ് അക്കൗണ്ടൻസി യോഗ്യതയുള്ള ഒരാളെ നിയമിക്കുന്നിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.